# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1709

04.12.18 - ൽ മറുപടിക്ക്.

## കുടുംബശ്രീയുടെ കീഴിലുള്ള കൂട്ടുകൃഷി സംഘങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി.അയിഷാ പോറ്റി<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) സാമ്പത്തിക സ്വാശ്രയത്തിലൂടെ തുല്യത എന്ന സാമൂഹ്യ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന കുടുബശ്രീയുടെ കീഴിലുള്ള കൂട്ടുകൃഷി സംഘങ്ങൾക്ക് പ്രളയം വരുത്തിയ നാശനഷ്ടമെത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; കടുത്ത നഷ്ടം സംഭവിച്ച കൂട്ടുകൃഷി സംഘങ്ങളെ കരകയറ്റുന്നതിനായി പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) കുടുംബശ്രീ കൃഷി സംഘങ്ങൾക്ക് പ്രളയത്തിൽ 197.5 കോടി രൂപയുടെ നാശനഷ്ടം വിലയിരുത്തിയിട്ടുണ്ട്. നാശനഷ്ടം സംഭവിച്ച കർഷകരുടെ വിവരശേഖരണത്തിനായി കൃഷിവകുപ്പ് നടത്തിയ കണക്കെടുപ്പിൽ കുടുംബശ്രീ കൃഷി സംഘങ്ങളെക്കൂടി ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രളയം ഏറ്റവും കൂടുതൽ ബാധിച്ച ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ കുടുംബശ്രീ സംഘകൃഷി അംഗങ്ങൾക്ക് പരിശീലനം, കൃഷി പുനരാരംഭിക്കുന്നതിനുവേണ്ട ഇൻപുട്ട് (ജൈവ വളം, ചെറിയ കാർഷിക ഉപകരണങ്ങൾ, കുമ്മായം, പച്ചക്കറി തൈകൾ, വാഴക്കന്ന് ജീവാണു വളങ്ങൾ) വിതരണം എന്നീ പദ്ധതികൾക്കു പുറമേ, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ പ്രളയത്തിൽ നശിച്ച കൃഷിസ്ഥലം വീണ്ടും ഒരുക്കുന്നതിലേക്കായി UNDP സാമ്പത്തിക സഹായം ലഭ്യമാകുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) കാർഷികമേഖലയിലെ ദേശീയ അവാർഡിന് കുടുബശ്രീയെ അർഹമാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) ദേശീയ ഗ്രാമീണ ഉപജീവന പദ്ധതി (എൻആർഎൽഎം) യുടെ ഉപപദ്ധതിയായ മഹിള കിസാൻ സശാക്തീകരണ പരിയോജനയുടെ (എം.കെ.എസ്.പി) ഭാഗമായി കാർഷിക മേഖലയിലെ ഇടപെടലുകൾക്കാണ് കുടുംബശ്രീക്ക് ദേശീയ അവാർഡ് ലഭ്യമായത്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

| | |
|---|---|
| (സി) ജൈവ കൃഷി പ്രോത്സാഹിപ്പിക്കാനായി കുടുബശ്രീ സംഘങ്ങൾ വഹിക്കുന്ന പങ്ക് വിലയിരുത്തിയിട്ടുണ്ടോ; | (സി) ഉണ്ട്; കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകൾ വഴി ജൈവ രീതിയിലുള്ള കൃഷി പ്രോത്സാഹിപ്പിച്ചു വരുന്നു. ഈ സാമ്പത്തിക വർഷം വാർഷിക കർമ്മ പദ്ധതിയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 'ഹരിത ജീവനം' എന്ന പേരിൽ പ്രത്യേക പദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരുന്നു. പൂർണമായും ജൈവ സർട്ടിഫിക്കേഷനോടു കൂടിയ കൃഷി നടപ്പിലാക്കുവാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പദ്ധതിയുടെ ഭാഗമായി 2643.5 ഏക്കർ ഭൂമിയിൽ പൂർണമായും ജൈവ കൃഷി ചെയ്തു വരുന്നു. |
| (ഡി) തരിശുരഹിത ഗ്രാമങ്ങൾ എന്ന ലക്ഷ്യത്തോടെ സംഘകൃഷി വ്യാപിപ്പിക്കുന്നതോടൊപ്പം മൂല്യവർദ്ധിതോല്പന്ന നിർമ്മാണത്തിനും വിപണനത്തിനുമായി കുടുംബശ്രീ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്? | (ഡി) കാർഷിക വിളകളെ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി വിപണിയിൽ എത്തിക്കുക വഴി സംഘകൃഷി അംഗങ്ങൾക്ക് അധിക വരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടു കൂടി വിവിധ കാർഷിക വിളകളിൽ മൂല്യവർദ്ധിത യൂണിറ്റുകൾ കുടുംബശ്രീ സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം -1**

ദേശീയ ഗ്രാമീണ ഉപജീവന പദ്ധതി (എൻആർഎൽഎം) യുടെ ഉപപദ്ധതിയായ മഹിള കിസാൻ സശാക്തീകരണ പരിയോജനയുടെ (എം.കെ.എസ്.പി.പി) ഭാഗമായി കാർഷിക മേഖലയിലെ ഇടപെടലുകൾക്കാണ് കുടുംബശ്രീക്ക് ദേശീയ അവാർഡ് ലഭ്യമായത്. എം.കെ.എസ്.പി. പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. സംസ്ഥാനത്തൊട്ടാകെ 65601 കൃഷി സംഘങ്ങളിലായി 3 ലക്ഷത്തിലധികം വനിതാ കർഷകർ 52,000 ഹെക്ടർ ഭൂമിയിൽ കൃഷി ചെയ്ത് വരുന്നു. പ്രസ്തുത സംഘകൃഷി ഗ്രൂപ്പുകളെ സഹായിക്കുന്നതിനായി കുടുംബശ്രീ ഫാർമേഴ്സ് ഫെസിലിറ്റി സെന്ററുകളും (എഫ്എഫ്.സി) ബയോ ഫാർമസികളും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കർഷകർക്ക് മികച്ച രീതിയിലുള്ള സാങ്കേതിക പരിശീലനങ്ങൾ പദ്ധതിയുടെ ഭാഗമായി നൽകി വരുന്നു. ഇതിനുപുറമെ വനിതാ കർഷകരിൽ നിന്നു തന്നെ പാരമ്പര്യ കൃഷിയിൽ അനുഭവ സമ്പത്തും പരിചയവുമുള്ള 4300 കർഷകരെ തെരഞ്ഞെടുത്ത് മാസ്റ്റർ കർഷകരായി മാറ്റിയിട്ടുണ്ട്. ഇവർ ജെഎൽജികൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്നു. കൂടാതെ കാർഷിക മേഖല പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും ജെഎൽജികൾക്കും മാസ്റ്റർ ഫാർമേഴ്സിനും പരിശീലനങ്ങൾ നൽകുന്നതിനുമായി 600 ജീവ അംഗങ്ങളെയും തെരഞ്ഞെടുത്തിട്ടുണ്ട്. അടുക്കളത്തോട്ട പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ ഭവനം ക്യാമ്പെയിനും സംഘടിപ്പിച്ചിരുന്നു. ഈ പ്രവർത്തനങ്ങൾ എല്ലാം തന്നെ ദേശീയ അവാർഡിനായി പരിഗണിച്ചിരുന്നു.

എസി മൊയ്തീൻ